പുസ്തകാസ്വാദനം

# മനസ്സിൽ വിരിയുന്ന മാധുര്യങ്ങൾ

ചുനക്കര ജനാർദ്ധനൻ നായർ

ഒരു രാജ്യത്തിന്റെ ഹൃദയമിടുപ്പുകൾ കാവ്യദർശനികരായ എഴുത്തുകാർ സൗന്ദര്യാത്മകമായി എഴുതുമ്പോഴാണ് വായനക്കാരൻ അതിൽ ആകർഷകനാകുന്നത്. പ്രത്യേകിച്ചും ചരിത്രം, യാത്രാവിവരണങ്ങൾ ഇവ എഴുതുന്നവർക്ക് ചരിത്ര ഗവേഷണം തന്നെ അനിവാര്യമാണ്. അതില്ലാതെ ഒരു രാജ്യത്ത് പോയി രണ്ടാഴ്ച താമസിച്ചതുകൊണ്ട് ശക്തവും സത്യസന്ധവുമായ രചന നടത്താനാകില്ല. പുസ്തകങ്ങളിൽനിന്ന് ലഭിക്കുന്ന അറിവുകൾ മാത്രം പോര. അതിനൊപ്പം അനുഭവസമ്പത്തുകൂടിയുണ്ടാകണം. ഇൻഡോ-യൂറോപ്പിലെ ആദ്യസൃഷ്ടിയായി അറിയപ്പെടുന്നത് ഋഗ്വേദമാണ്. അതിൽ ആദ്ധ്യാത്മീക പ്രാർത്ഥനകളുടെ ഒരു നിത്യവസന്തം എന്നും പൂത്തുലഞ്ഞു നിൽക്കുന്നുണ്ട്. ഋഗ്വേദം ബി.സി. യിൽ ഇൻഡ്യയിൽ എഴുതപ്പെട്ടെങ്കിൽ എ.ഡിയിൽ യൂറോപ്പ് രാജ്യങ്ങളിൽ താമസിച്ചും ആ രാജ്യങ്ങളുടെ ചരിത്രപഠനങ്ങൾ നമുക്ക് സമ്മാനിക്കുന്നത് മലയാള - ഇംഗ്ലീഷ് ഭാഷയുടെ വിവിധ തുറകളിൽ എഴുതുന്ന കാരൂർ സോമനാണ്. അദ്ദേഹത്തിന്റെ *സ്പെയിൻ 'കാളപ്പോരിന്റെ നാട്'* യാത്രാവിവരണം ഒരു യൗവന പ്രസരിപ്പോടെ പ്രസിദ്ധീകരിച്ചിരിക്കുന്നത് മാതൃഭൂമി ബുക്സാണ്. കാളപ്പോരിന്റെ ചവുട്ടിക്കുഴച്ച മണ്ണിലൂടെ ഒരു സമ്പന്നരാജ്യത്തിന്റെ ചരിത്രാന്വേഷണങ്ങളുടെ ശക്തമായ നീരൊഴുക്കുകൾ ഒരു അക്ഷര സമൃദ്ധിയായിതന്നെയാണ് എന്നെ സ്വാധീനിച്ചത്.

ലോകത്തെ സൈനീക - സാമ്പത്തിക വൻശക്തികളാണ് ബ്രിട്ടനും അമേരിക്കയും. അവരുടെ ഭാഷ ഇംഗ്ലീഷാണ്. ഇരുപത്തിയേഴ് യൂറോപ്യൻ രാജ്യങ്ങളിൽ ഈ ഭാഷയ്ക്ക് യാതൊരു അപ്രമാതിത്വവും ഇല്ലെന്നുള്ളതാണ് വാസ്തവം. ഗ്രന്ഥകാരൻ ഇംഗ്ലീഷ് ഭാഷ സ്പെയിനിൽ സംസാരിക്കുന്നത് . അവിടുത്തുകാർക്കത് മനസ്സിലാകുന്നില്ല. അവിടെയെല്ലാം ആംഗ്യങ്ങൾ കാട്ടി രക്ഷപ്പെടുന്നു. സ്വന്തം ഭാഷയും സംസ്കാരവും അവർ ഹൃദയത്തോട് ചേർത്ത് ജീവിക്കുന്നവരാണ്. മാതൃഭാഷയുടെ സംസ്കാരത്തിന്റെ അടിത്തറകൾ ഇടിച്ചു പൊടിച്ചു കളയാൻ അവർ തയ്യാറല്ല എന്നു ചുരുക്കം. സ്വന്തം ഭാഷയെ ഉദ്ഘടമായ ആവേശത്തോടെ കാണുന്നു. അതുകൊണ്ട് ഇംഗ്ലീഷ് ഈ രാജ്യങ്ങളിലെങ്ങും നിരോധിച്ചിട്ടില്ല. ചില സമ്പന്നരുടെ മക്കളും ഇംഗ്ലീഷ് പഠിക്കാനായി ബ്രിട്ടനിലേക്ക് വിദ്യാർത്ഥികളായി അയയ്ക്കുന്നവരുണ്ട്. ശക്തമായ പ്രാദേശിക വാദം നിലനില്ക്കുന്ന രാജ്യമാണ് സ്പെയിനെന്ന് സത്യത്തിൽ എനിക്കറിയില്ലായിരുന്നു. ചരിത്രത്തിൽ യുദ്ധ പോരാട്ടങ്ങൾ ധാരാളമായി നടന്നിട്ടുള്ള രാജ്യമാണ് സ്പെയിൻ. രണ്ടാം പ്യൂനിക് യുദ്ധത്തിൽ റോമൻസാണ് അവരെ കീഴടക്കുന്നത്. പൈറസ് പർവ്വത നിരകളിൽനിന്ന് പതിവായി പെയ്യുന്ന മഞ്ഞ്, കുളിർമയുള്ള ശൈത്യവും , പ്രകൃതിയുടെ അംഗലാവണ്യം നല്കുന്ന മണൽക്കാടുകൾ, വൃത്തിയും വെടിപ്പുമുള്ള സഞ്ചാര വീഥികൾ, സാഹിത്യ സാംസ്കാരിക നായകൻമാരുടെ പ്രതിമകൾ, കൊട്ടാരങ്ങൾ മ്യൂസിയങ്ങൾ, സുന്ദരമായ കടൽത്തീരങ്ങൾ എല്ലാം തന്നെ ഏതൊരു സഞ്ചാരിയെയും ആകർഷിക്കുന്നതാണ്.

നല്ല യാത്രാവിവരണങ്ങളെന്നും വിസ്മയങ്ങളായ അനുഭവങ്ങളിലൂടെയാണ് നമ്മെ കൊണ്ടുപോകുന്നത്. ഭാഷയുടെ അപാരമായ ശക്തിയെ തിരിച്ചറിയുന്നവരാണ് സാഹിത്യ പ്രതിഭകൾ. അതു അവരുടെ ഓരോ സൃഷ്ടികൾക്കും അറിവും അർത്ഥവും നൽകുന്നു. പാശ്ചാത്യ രാജ്യങ്ങളിലെ സാഹിത്യസൃഷ്ടികൾ മലയാളത്തിൽ വിവർത്തനം ചെയ്ത് വായിക്കുന്നതിനിടയിലാണ് കൊടിയ ശൈത്യത്തിന്റെ പശ്ചാത്തലത്തിലിരുന്ന് മലയാള ഭാഷയ്ക്ക് സ്തുത്യർഹമായ സംഭാവനകൾ നല്കുന്ന കാരൂരിനെപ്പോലുള്ളവരെ നമ്മുടെ ഇടത്ത് - വലത്ത് കക്ഷികളും സാഹിത്യലോകവും കാണാതിരിക്കുന്നത്. ചരിത്രഗ്രന്ഥങ്ങളെപ്പോലെ ഇതും സമഗ്രമായ ഒരു പഠനത്തിന് വിധേയമാക്കേണ്ടതാണ്. ഈ യാത്രാവിവരണം ഏറെ പ്രശംസാർഹവും മലയാള ഭാഷയ്ക്ക് ഒരു മുതൽകൂട്ടായിരിക്കുമെന്നുള്ളതിന് സംശയമില്ല.

സ്പെയിൻ - കാളപ്പോരിന്റെ നാട് - യാത്രാവിവരണം

പ്രസാദകർ - മാതൃഭൂമി ബുക്സ്

വില - 175 രൂപാ